പി. എച്ച്. സബ്സെന്ററുകളുടെ വാടക

10 (675) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പി.എച്ച്. സബ് സെന്ററുകളുടെ വാടക ആരാണ് നൽകുന്നത്, എത്ര രൂപ വീതമാണ് പ്രതിമാസ വാടക ഇനത്തിൽ സർക്കാർ സബ്സെന്ററുകൾക്ക് നൽകുന്നത് ; വിശദമാക്കാമോ ;

(ബി) സബ് സെന്ററുകളുടെ വാടക കുറെ കാലമായി നൽകുന്നില്ലെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ; എന്തുകൊണ്ടാണ് ഈ തുക നൽകാത്തത് ; അടിയന്തരമായി സബ്സെന്ററുകളുടെ വാടക, കുടിശ്ശികയടക്കം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൻ.ആർ.എച്ച്.എം. ആരംഭിച്ചത് മുതൽ 2012 മേയ് മാസം വരെ എൻ.ആർ.എച്ച്.എം.-ൽ നിന്നാണ് പ്രതിമാസ വാടക നൽകിയിരുന്നത്. അതിനു ശേഷമുള്ള വാടക ഫാമിലി വെൽഫെയറിന്റെ പ്ലാൻ ഫണ്ടുവഴി ആരോഗ്യ വകുപ്പ് ഡയറക്ടേറ്റ് വഴി ജില്ലകൾക്ക് ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തുകളുടെ എഞ്ചിനീയറിംഗ് വിഭാഗമാണ് വാടക നിശ്ചയിക്കുന്നത്.

(ബി) സബ്സെന്ററുകളുടെ വാടകയും മറ്റും നൽകുന്നതിനായി 2211-00-101-99 പ്ലാൻ ശീർഷകത്തിൽ 06 - ആർ.ആർ.റ്റി ഇനത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക 75,000 രൂപ മാത്രമായിരുന്നു. ഈ തുക അപര്യാപ്തമായതിനാൽ 7 ലക്ഷം രൂപകൂടി റീഅപ്രോപ്രിയേഷൻ ചെയ്യുകയും സബ്സെന്ററുകളുടെ വാടകയിനത്തിൽ തുക ആവശ്യപ്പെട്ട ജില്ലകൾക്ക് താഴെ പറയും പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം	:	₹ 3,12,050
കൊല്ലം	:	₹ 1,62,950
കോട്ടയം	:	₹ 10,000
കോഴിക്കോട്	:	₹ 2,90,000

ഈ സാമ്പത്തിക വർഷത്തിലും (2015-16) സബ്സെന്ററുകളുടെ വാടകയിനത്തിൽ 20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 75,000 രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly